ഓട്ടംതുള്ളൽ.

# കാലംമാറി,കോലം മാറി!

ജോൺ ഇളമത.

കോവിഡു വന്നുനിറഞ്ഞു എങ്ങും
കാലൻ പാഞ്ഞു നടന്നു എങ്ങും!
വാക്സീനിപ്പമിറങ്ങും,എന്നൊരു
വാഗ്ദാനം കേട്ടുമടുത്തു ജനങ്ങൾ!
കോവിഡു..........
മാസ്ക്കു ധരിച്ചു നടന്നവർ,ബാറിൽ
വിസ്ക്കിയടിച്ചു പൂസ്സായപ്പോൾ
മാസ്ക്കുകൾ ഊരിറെഞ്ഞു വിലസി
മദ്യത്തിൻ മാസ്മര ശക്തിയിൽ!
കോവിഡു.....
ലോക്ഡൗൺ വന്നു,കോറൻറീനിൻ
ലോക്കപ്പിലടഞ്ഞ ജനങ്ങൾ
വീട്ടിലിരുന്നു മടുത്തു,ബോറടി മാറാൻ
കടിപിടി കൂടി പരസപരമെങ്ങും
കോവിഡു......
പള്ളീൽ മാസ്ക്,സ്കൂളിൽ മാസ്ക്
പലതര മാസ്ക്കുകൾ വിറ്റു കടകളിൽ
പുലിയുടെ മാസ്ക്ക് ധരിച്ചവരെങ്ങും
പുലിവാലു പിടിച്ചു നടന്നു കറങ്ങി
കോവിഡു..........
വാക്സിൻ വന്നു ഫലപ്രദമായാൽ
കപ്പലിലൊന്നു ചുറ്റിതിരിയാം
പഴയസുഖത്തിൽ,ആകാശത്തിൽ
ബിസനസ്സ്ക്ലാസിലൊന്നു കറങ്ങാം
കോവിഡു.........
കൺവൻഷനുകളിൽ മിന്നിയടിക്കാം
ഫൈവസ്റ്റാറുകളിലിരുന്നു
വെള്ളമടിച്ച് രസിച്ച് പഴയതുപോലെ
വീണ്ടും കീർവാണം വിട്ട് സുഖിക്കാം
കോവിഡു........
സമയം കിട്ടാതോടി നടന്നവരൊക്കെ
അക്ഷമരായി നിന്ന് പുലമ്പി,
കോവിഡിനൊരു വിട എന്നന്നേക്കും
കാലം മാറി,കോലം മാറി!!